# Mathrubhumi

## 22 August 2018

## Thiruvananthapuram, After Flood, Rebuild Kerala, Special Lottery



# പുനർനിർമാണഫണ്ട് സ്വരൂപിക്കാൻ പ്രത്യേക ലോട്ടറി

**തിരുവനന്തപുരം** ▸ പ്രളയക്കെടുതി നേരിടാനും കേരളത്തിന്റെ പുനർനിർമാണത്തിനും പണം സമാഹരിക്കാൻ പ്രത്യേക ലോട്ടറി ആരംഭിക്കാൻ മന്ത്രിസഭ തീരുമാനിച്ചു. പ്രളയദുരിതം കണക്കിലെടുത്ത് സംസ്ഥാനത്തെ മുഴുവൻ തോട്ടം തൊഴിലാളികൾക്കും 15 കിലോവീതം സൗജന്യ റേഷൻ നൽകും.

മറ്റു സംസ്ഥാനങ്ങളും സന്നദ്ധസംഘടനകളും വ്യക്തികളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകുന്ന പണത്തിനുപുറമേ നൽകുന്ന സാധനങ്ങൾ വ്യക്തമായ വ്യവസ്ഥയോടെ സ്വീകരിക്കും.

അവ ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യും. തികയാത്ത സാധനങ്ങൾ സംസ്ഥാന ദുരന്തനിവാരണ ഫണ്ട് ഉപയോഗിച്ച് വാങ്ങിനൽകും.

രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികളെ പൊതുചടങ്ങിൽ ആദരിക്കുമ്പോൾ അവർക്ക് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സർട്ടിഫിക്കറ്റ് നൽകും. രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായ കര, നാവിക, വ്യോമ സേനാംഗങ്ങൾ, കോസ്റ്റ് ഗാർഡ്, എൻ.ഡി.ആർ.എഫ്., സി.ആർ.പി.എഫ്., ബി.എസ്.എഫ്. എന്നിവയിലെ അംഗങ്ങൾ എന്നിവരെ പൊതുചടങ്ങിൽ ആദരിക്കും.

രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട പോലീസ്, ഫയർഫോഴ്സ്, റവന്യൂ, തദ്ദേശസ്ഥാപനങ്ങൾ തുടങ്ങിയ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്കും ദുരന്തനിവാരണ അതോറിറ്റിയുടെ അഭിനന്ദന സർട്ടിഫിക്കറ്റ് നൽകും.